STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.300/PR/SPMC/PHQ/2025 Date:27.09.2025

## സാമ്പത്തിക കുറ്റകൃത്യങ്ങൾക്കെതിരെ ഒന്നിച്ച്; പൊലീസ്, ബാങ്ക് മാനേജർമാർ സംയുക്ത യോഗം സംഘടിപ്പിച്ചു.

സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ പ്രതിരോധിക്കുന്നതിലേക്ക് ബാങ്ക് ജീവനക്കാരുടെയും പോലീസിന്റെയും സംയുക്ത നിരീക്ഷണം ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഇടുക്കി, എറണാകുളം ജില്ലകളിൽ ബാങ്ക് മാനേജർമാർ ഉൾപ്പടെയുള്ളവരെ പങ്കാളികളാക്കി മീറ്റിങ്ങുകൾ സംഘടിപ്പിച്ചു.

മ്യൂൾ അക്കൗണ്ടുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംശയാസ്പദ അക്കൗണ്ടുകളും ചെക്ക് വഴിയുള്ള പിൻവലിക്കലുകളും കർശനമായി നിരീക്ഷിക്കുക, എ.ടി.എം. കൗണ്ടറുകൾ ഉൾപ്പെടെ CCTV നിരീക്ഷണം കൂടുതൽ ശക്തമാക്കുക, സൈബർ കുറ്റകൃത്യങ്ങൾക്ക് സാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി ശക്തമായ നിയമനടപടികൾ സ്വീകരിക്കുക, ബാങ്കുകളുടെ Security/ Alert സംവിധാനങ്ങൾ, KYC ഇവ മെച്ചപ്പെടുത്തുക. NCRP പോർട്ടൽ വഴി ലഭിക്കുന്ന തത്സമയ വിവരങ്ങൾ ബാങ്കുകൾക്ക് ഉടൻ കൈമാറി അടിയന്തര നടപടി ഉറപ്പാക്കുക, ബാങ്ക് ജീവനക്കാർക്ക് സൈബർ സുരക്ഷ, സംശയകരമായ ഇടപാടുകൾ തിരിച്ചറിയൽ, തട്ടിപ്പുനിരോധന നടപടികൾ തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക പരിശീലനം സംബന്ധിച്ച് സംയുക്ത മീറ്റിംഗിൽ ചർച്ച ചെയ്തു. UPI fraud, Loan/Investment scam, Job scam എന്നിവയെക്കുറിച്ച് പൊതുജനങ്ങളെ മുന്നറിയിപ്പോടെ ബോധവൽക്കരിക്കുക, ബാങ്ക് പോലീസ് സൈബർ ഹെൽപ്പ്ലൈൻ (1930) തമ്മിലുള്ള ഫാസ്റ്റ് ട്രാക്ക് കോഓർഡിനേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുക. ജില്ലകളിൽ Cyber Police Bank Nodal Officer കൂട്ടായ്മകളുടെ സ്ഥിരം യോഗം ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുത്തു.